നിന്നെ പിരിഞ്ഞൊന്നും ചെയ്യാൻ കഴിയില്ല
നിസ്തുലനാമേശുവേ!
നിന്നെ മറന്നൊന്നും ചെയ്യാൻ കഴിയില്ല
നിർമ്മലനാം ദൈവമേ!

ഓരോ ദിവസവും നിൻകൃപയിൽ
ഓരോ നിമിഷവും നിൻ നിറവിൽ
സ്നേഹം പകരുവാൻ ഗാനങ്ങൾ പാടുവാൻ
നിൻവേല തികച്ചീടുവാൻ

കൃപയിൻ ഉറവേ ചൊരിയൂ
അറിവിൻ വരങ്ങൾ ചൊരിയൂ

നിൻ സാന്നിദ്ധ്യം സദാ നേരത്തിലും
സാത്താനെ സമ്പൂർണ്ണമായ് ജയിക്കാൻ
പാപം വെറുക്കുവാൻ മോഹം വെടിയുവാൻ
ത്യാഗം സഹിച്ചീടുവാൻ
കൃപയിൻ....
എല്ലാനേരവും നിൻ ശക്തിയാൽ
നന്മ പ്രവൃത്തികൾ ചെയ്തിടുവാൻ
നിൻ ദാസനാകുവാൻ ക്രൂശു ചുമക്കുവാൻ
നിൻ സാക്ഷ്യം വഹിച്ചീടുവാൻ
കൃപയിൻ....

Ninne pirinjnjonnum cheyyaan kazhiyilla
nisthulanaamesuve
ninne marrannonnum cheyyaan kazhiyilla
nirmmalanaam daivame

oro divasavum ninkrpayil
oro nimishavum nin nirravil
sneham pakaruvaan gaananggal paatuvaan
ninvela thikachcheetuvaan

krpayin urrave choriyoo
arrivin varangngal choriyoo

nin saanniddhyam sadaa neraththilum
saaththaane sampoornnamaay jayikkaan
paapam verrukkuvaan moham vetiyuvaan
thyaagam sahichcheetuvaan
krpayin....

ellaaneravum nin sakthiyaal
nanma pravrththikal cheythituvaan
nin daasanaakuvaan kroosu chumakkuvaan
nin saakshyam vahichcheetuvaan
krpayin....